**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഫാർമസിസ്റ്റുകളുടെ ഡ്യൂട്ടി സമയം ക്രമീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകളുടെ ഡ്യൂട്ടി സമയം നിലവിൽ ഏതാണ്; ഇവർ ദിവസവും എത്ര മണിക്കൂർ ജോലി ചെയ്യേണ്ടതുണ്ടെന്ന് വിശദമാക്കാമോ; | (എ) | ആർദ്രം മാനദണ്ഡ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുമാരുടെ ഡ്യൂട്ടി സമയം നിലവിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയും (ഒരു ഫാർമസിസ്റ്റ് മാത്രമുള്ള സാഹചര്യത്തിൽ) ഒന്നിലധികം ഫാർമസിസ്റ്റുമാർ ഉണ്ടെങ്കിൽ ഡ്യൂട്ടി സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെയും രാവിലെ 10 മണി മുതൽ വൈകിട്ട് 6 മണി വരെയുമാണ് (റൊട്ടേഷൻ വ്യവസ്ഥയിൽ). (സ.ഉ. (കൈ)നം.168/2018/ആ.കു.വ., തീയതി 18/08/2018 പ്രകാരം). |
| (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഇതര സർക്കാർ ജീവനക്കാർ, ഡോക്ടർമാർ എന്നിവരുടെ ജോലി സമയത്തിന് തുല്യമായി ഫാർമസിസ്റ്റ് ഉടങ്ങിയ പാരാമെഡിക്കൽ ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് പാരാമെഡിക്കൽ ജീവനക്കാരുടെ ജോലി സമയത്തിലെ വ്യത്യാസം പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ? | (ബി) | ഇക്കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ